**ആലപ്പുഴ ജില്ലാ പോലീസ്**

**പത്രക്കുറിപ്പ്**

നോവൽ കൊറോണ വൈറസിന്റെ സമൂഹവ്യാപന സാധ്യത നിലനില്ക്കുന്നതിനാൽ ലോക്ക് ഡൗൺ മെയ് 3 വരെ നീട്ടിയ സാഹചര്യത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ തുടർന്നും കർശനമായി നടപ്പാക്കേണ്ടത് അനിവാര്യമാണ്. എന്നാൽ നിർഭാഗ്യവശാൽ വളരെയധികം ആളുകൾ ഇപ്പോഴും മാനദണ്ഡങ്ങളുടെ ലംഘനം തുടരുകയാണ്. **ഇന്ന് (17.04.2020) വൈകി 4 മണി വരെ** ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ചതിന് **ജില്ലയിൽ 245 കേസുകൾ** രജിസ്റ്റർ ചെയ്തു. വ്യാജ സത്യവാങ്മൂലം ഉപയോഗിച്ച് യാത്ര ചെയ്തതിനും, പാസ്സ് ഇല്ലാതെ യാത്ര ചെയ്തതിനും **179** വാഹനങ്ങൾ പിടിച്ചെടുക്കുകയും **179** പേർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഡ്രോൺ ഉപയോഗിച്ച് 23 പോലീസ് സ്റ്റേഷൻ പരിധിക്കുള്ളിൽ നിരീക്ഷണം നടത്തിയതിൽ സാമൂഹിക അകലം പാലിക്കണം എന്ന ലോക്ക് ഡൗൺ മാനദണ്ഡം ലംഘിച്ച് കൂട്ടംകൂടിയതിന് 10 കേസ്സുകളിലായി **37** പേർക്കെതിരെയും, അനധികൃതമായി മദ്യനിർമ്മാണം നടത്തിയതിന് 3 കേസ്സുകളിലായി **11** പേർക്ക് എതിരേയും, ലോക്ക് ഡൗൺ ഇളവ് അനുവദിക്കാത്ത കടകൾ തുറന്ന് പ്രവർത്തിച്ചതിന് **14** പേർക്ക് എതിരേയും, നിരോധിത പുകയില ഉല്പന്നങ്ങൾ വില്പന നടത്തിയതിന് **4** പേർക്ക് എതിരെയും, കൂട്ടം കൂടിയിരുന്ന് ചീട്ടുകളി/ക്യാരംസ് എന്നവയിൽ ഏർപ്പെട്ടതിന് **18** പേർക്ക് എതിരെയും ഉൾപ്പടെ ആകെ **245** കേസുകളിലായി **263** പേരെ Kerala Epidemic Disease Ordinance 2020 പ്രകാരം അറസ്റ്റ് ചെയ്തിട്ടുണ്ട്. ടിയാളുകൾക്ക് **2 വർഷം വരെ തടവോ 10000/- രൂപ പിഴയോ** ശിക്ഷ ലഭിക്കുന്നതാണ്. ദിവസവും വൈകി 5 മണിയ്ക്ക് ശേഷം പൊതു നിരത്തുകളിൽ ധാരാളം സമീപവാസികളായ ആളുകൾ സാമൂഹിക അകലം പാലിക്കാതെയും പൊതു മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും കൂട്ടംകൂടി നിന്ന് സംസാരിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വരും ദിവസങ്ങളിൽ ആയതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. നിയമാനുസൃതം അനുവദിച്ചിട്ടുള്ള വ്യാപാര കേന്ദ്രങ്ങൾ/മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സാമൂഹിക അകലം കർശനമായും പാലിക്കേണ്ടതാണ് എന്നും അത്യാവശ്യകാര്യങ്ങൾക്ക് പുറത്ത് ഇറങ്ങുന്നവർ നിർബന്ധമായും സത്യവാങ്മൂലം കൈയ്യിൽ കരുതേണ്ടതാണ് എന്നും, ആരോഗ്യ പ്രവർത്തകരുടേയും പോലീസിന്റെയും പ്രവർത്തനങ്ങളോട് സഹകരിക്കണം എന്നും ജില്ലാ പോലീസ് മേധാവി ശ്രീ.ജയിംസ് ജോസഫ് IPS അഭ്യർത്ഥിച്ചു.

ജില്ലാ പോലീസ് മേധാവി
ആലപ്പുഴ